പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1938 17/06/2013-ൽ മറുപടിക്ക്

## തെരഞ്ഞെടുത്ത ഗോത്രവർഗ്ഗ കോളനികളുടെ വികസനം

ചോദ്യം | മറുപടി

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ലൂഡി ലൂയിസ്

: കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗോത്രവർഗ്ഗ കോളനികളുടെ വികസന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് ഹാംലറ്റ് ഡവലപ്മെന്റ് എന്ന പേരിൽ സമഗ്ര വികസനം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു കോടി രൂപയുടെ വികസന പദ്ധതികളാണ് ഓരോ സങ്കേതത്തിലും നടത്തുന്നത്. ടി പദ്ധതി നടപ്പാക്കുന്നതിനായി 20 കോടി രൂപ 2013-14 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | അവികസിതമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അനിവാര്യമായി നടപ്പിലാക്കേണ്ട കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റ്, നടപ്പാത, കമ്മ്യൂണിറ്റി സെന്റർ, ലിങ്ക് റോഡ് എന്നീ പശ്ചാത്തല സൗകര്യങ്ങളുൾപ്പെട്ട വികസന പദ്ധതികൾ, സങ്കേതത്തിലെ മുഴുവൻ പട്ടിക വർഗ്ഗക്കാരുമായി ജനപ്രതിനിധികളും, ജില്ലയിലെ ഉദ്യോഗസ്ഥരും ആലോചിച്ച് പട്ടിക വർഗ്ഗക്കാരുടെ അഭിപ്രായം കണക്കിലെടുത്ത് അവർക്ക് പ്രതീക്ഷയുടെ |

| | | | |
|---|---|---|---|
| | | | ദിശാബോധം നൽകുന്ന തരത്തിൽ, ആവശ്യമായ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | (സി) | സ്ഥലം എം.പി / എം.എൽ.എ അടക്കമുള്ള ജനപ്രതിനധികൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ തെരഞ്ഞെടുക്കുന്ന സങ്കേത ങ്ങളിൽ എത്തി വിപുലമായ ഊരുകൂട്ടം ചേർന്ന് അത്യാവശ്യം വേണ്ട വികസന പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ തീരുമാനിച്ച് സർക്കാർ അക്രഡിറ്റു ചെയ്ത ഏജൻസികളിൽ, എം.പി/ എം.എൽ.എ എന്നിവർ നിശ്ചയിക്കുന്ന നിർവ്വഹണ ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | പദ്ധതി നടത്തിപ്പിനായുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചു വരികയാണ് |

സെക്ഷൻ ഓഫീസർ